ശ്രീ. ടി. എ. പരമൻ : എ. ജീസ് ആഫീസിൽ നിന്ന് പിരിച്ചു വിട്ടു. ഡിസ്മിസ് ചെയ്തിട്ടില്ല. കേരള ഗവൺമെന്റിന്റെ റൂൾ പ്രകാരം റിമൂവലും ടെർമിനേഷനും ഫർദർ റിക്രൂട്ടുമെന്റിന് തടസ്ഥമല്ല. ഡിസ്മിസൽ മാത്രമേ തടസ്സമായിട്ടുള്ളു. അതുകൊണ്ട് ഈ പ്രശ്നം പുനരാലോചിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ : അങ്ങനെ ആ കാര്യത്തെ സംബന്ധിച്ച് സഭയ്ക്ക് ഉറപ്പ് നൽകാൻ സാദ്ധ്യമല്ല.

ഫയർ സ്റ്റേഷനുകൾ

*728 [792] ശ്രീ. വി. കെ. രാജൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. എം. കെ. കേശവൻ:
,, കെ. ടി. കുമാരൻ:
,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളുണ്ട്;

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഫോർട്ടു കൊച്ചി ഫയർ ട്രെയിനിങ്ങ് സ്കൂൾ ഉൾപ്പെടെ 21 ഫയർ സ്റ്റേഷനുകളുണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം, പാല, മൂവാറ്റുപുഴ, നെയ്യാറ്റിൻകര, ചിറ്റൂർ, തത്തമംഗലം, പയ്യന്നൂർ, കോതമംഗലം, പുനലൂർ എന്നിവിടങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. വി. കെ. രാജൻ : ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം തിരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്?

ശ്രീ. കെ. എം. മാണി: പറ്റിയ സ്ഥലം എന്ന് ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളാണ് തിരഞ്ഞെടുക്കുന്നത്.

ശ്രീ. വി. കെ. രാജൻ: ധാരാളം ജനങ്ങൾ തിങ്ങി താമസിക്കുന്നതും ഓലമേഞ്ഞവീടുകൾ ദിവസം പ്രതി തീ പിടിച്ച് നശിച്ചുകൊണ്ടിരിക്കുന്നതുമായ കൊടുങ്ങല്ലൂർ പ്രദേശത്ത് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. എം. മാണി: അതേക്കുറിച്ച് ഒന്നും പറയാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കേശവൻ: കേരളത്തിൽ ഫയർ ഫോഴ്സ് ജീവനക്കാർക്കും പോലീസ് ജീവനക്കാർക്കും നൽകി വരുന്ന ആനുകൂല്യങ്ങളിൽ വളരെ അന്തരമുണ്ടെന്നു കാണിച്ചുകൊണ്ട് ഏതെങ്കിലും പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ?

ശ്രീ. കെ. എം. മാണി: ഇത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ചോദ്യമാണ്. ജീവനക്കാരുടെ പ്രശ്നത്തെ സംബന്ധിച്ചാണെങ്കിൽ പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി. സിറിയക് ജോൺ: ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ? പ്രദേശത്തിന്റെ വിസ്തൃതിയോ മറ്റു കാര്യങ്ങളോ. ഉദാഹരണത്തിന് വയനാട് പ്രദേശം 600-ൽ ചില്വാനം സ്കയർ മൈൽ വിസ്തീർണ്ണമുള്ളതാണ്. ആറു ലക്ഷത്തോളം ജനസംഖ്യയുമുണ്ട്. അത് പരിഗണിച്ച് അവിടെയൊരു ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: നമ്മുടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ഗവൺമെൻറിന് ആഗ്രഹമുണ്ട്. സ്ഥാപിച്ചാൽ കൊള്ളാം. ജനസാന്ദ്രതയുള്ള പട്ടണപ്രദേശങ്ങൾ പെട്ടെന്ന് വീടുകൾ തീപിടിക്കുന്ന ജനസാന്ദ്രതയുള്ള പ്രധാനപ്പെട്ട കേന്ദ്രങ്ങൾ ഇവിടെ യൊക്കെ സ്ഥാപിക്കുക എന്നുള്ളതാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം.

ശ്രീ. ഈ. അഹമ്മദ്: ഇപ്പോൾ മന്ത്രി പറഞ്ഞ എല്ലാ കാര്യങ്ങളും ഒത്തിണങ്ങിയ ഒരു പ്രദേശമാണ് തളിപ്പറമ്പ്. ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സായ തളിപ്പറമ്പിൽ ഒരു ഫയർ സ്റ്റേഷൻ തുറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഞാൻ പറഞ്ഞ മാനദണ്ഡം തളിപ്പറമ്പിനെ സംബന്ധിച്ചിടത്തോളം ബാധകമാണെങ്കിൽ അവിടെയൊരു ഫയർ സ്റ്റേഷൻ സ്ഥാപിച്ചാൽ കൊള്ളാവുന്നതാണ്. പക്ഷേ അതേപ്പറ്റി ഉറപ്പ് പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. ശങ്കർ: കേരളത്തിൽ ഫയർ സ്റ്റേഷൻ ഇല്ലാത്ത മുൻസിപ്പാലിറ്റികളിൽ ഇത് സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഏതെല്ലാം മുൻസിപ്പാലിറ്റികളിൽ ഫയർ സ്റ്റേഷൻ ഇല്ല എന്നുള്ളത് പരിശോധിച്ചിട്ടില്ല. ഇല്ലെങ്കിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: പിറവത്ത് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ ലിസ്റ്റിൽ അത് കണ്ടില്ല.

ശ്രീ. കെ. എം. മാണി: പിറവത്തെ ഫയർ സ്റ്റേഷന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ചാക്കോ: രണ്ടുവർഷം മുമ്പ് സ്ഥാപിച്ച ചങ്ങനാശ്ശേരിയിലെ ഫയർ സ്റ്റേഷൻ ഒരു വാടക കെട്ടിടത്തിലാണ് കിടക്കുന്നത്. എത്രയും വേഗം അവിടെ എടുത്തിരിക്കുന്ന സ്ഥലത്ത് കെട്ടിടം പണിത് അങ്ങോട്ട് മാറാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഫയർ സ്റ്റേഷൻ ജനസംഖ്യക്ക് ആനുപാതികമായിട്ടല്ല സ്ഥാപിച്ചിട്ടുള്ളത്. ചില ജില്ലകളിൽ രണ്ടും മൂന്നും വീതമുണ്ട്. അതേ സമയത്ത് കൊല്ലംപോലുള്ള ജില്ലകളിൽ ഒരെണ്ണം മാത്രമേയുള്ളൂ. ജനസംഖ്യയുടെ അടിസ്ഥാനത്തിലാണെങ്കിലും ദൂരത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും കൊല്ലം പോലുള്ള ജില്ലകളിൽ കൂടുതൽ ഫയർ സ്റ്റേഷൻ അനുവദിച്ച് പ്രത്യേകിച്ച് അത് കൊട്ടാരക്കരയിൽ സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: കൊട്ടാരക്കര ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കഴിയുമോ എന്നുള്ളത് ഇപ്പോൾ ഖണ്ഡിതമായി പറയാൻ കഴിയുകയില്ല. കൊല്ലം ജില്ലയിൽ ഇന്നുള്ളതിനെക്കാൾ കൂടുതൽ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

വനിതാ വാർഡർമാർ

*729 [793] ശ്രീ. കല്ലട നാരായണൻ:
,, ത്യാഗരാജൻ:
,, എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിൽ ഡിപ്പാർട്ടുമെന്റിൽ ആകെ എത്ര വനിതാ വാർഡർമാർ ഉണ്ട് എന്നു വ്യക്തമാക്കുമോ ;

(ബി) ഈ വനിതാ വാർഡർമാരിൽ വിവിധ സബ് ജയിലുകളിൽ നിരവധി വർഷങ്ങളായി ദിവസക്കൂലിക്ക് നിയമിച്ചിട്ടുള്ളവർ ആരെങ്കിലും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർ; അവർ ഇങ്ങനെ എത്ര കൊല്ലമായി ജോലി ചെയ്യുന്നു;

(ഡി) ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണോ തെരഞ്ഞെടുത്തിട്ടുള്ളത്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തിലെ മൂന്നു സെൻട്രൽ ജയിലുകളിലും ഏഴു ജില്ലാ ജയിലിലുമായി ആകെ 20 വനിതാ വാർഡർമാർ ഉണ്ട്.

(ബി,സി) സബ് ജയിലുകളിൽ സ്ഥിരം വനിതാ വാർഡർമാരുടെ ആവശ്യങ്ങൾ ഒന്നുമില്ല. ഈ ജയിലുകളിൽ സ്ത്രീത്തടവുകാരെ പാർപ്പിക്കേണ്ട സന്ദർഭങ്ങളിൽ ദിവസക്കൂലി നൽകി താൽക്കാലികാടിസ്ഥാനത്തിലാണ് വനിതാ വാർഡർമാരെ നിയമിക്കുക പതിവ്. വളരെ വർഷമായി

LIBRARY ARCHIVES Kerala Legislative Assembly